"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

**ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ആരോഗ്യ വകുപ്പ് - ജീവനക്കാര്യം - ഡോ.കീർത്തി സുരേഷ്, ജൂനിയർ കൺസൽട്ടന്റ് (ഒ&ജി) ബഹു:ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA No.1202/2023-ന്മേലുള്ള ബഹു:ട്രൈബ്യൂണലിന്റെ 05.07.2023-ലെ ഉത്തരവ് അനുപാലിച്ചുകൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

**ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്**

**സ.ഉ.(സാധാ) നം.2651/2023/H&FWD തീയതി,തിരുവനന്തപുരം, 12-10-2023**

---

**പരാമർശം:-**

1. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 15.06.2023-ലെ ഇ.എ1-5160/2023/ആവഡ നമ്പർ നടപടിക്രമം
2. ഡോ.കീർത്തി സുരേഷ് ജൂനിയർ കൺസൽട്ടന്റ് സമർപ്പിച്ച 03.07.2023 തീയതിയായ അപ്പീൽ (Annexure A8)
3. OA(EKM) No.1202/2023-ന്മേലുള്ള ബഹു:ട്രൈബ്യൂണലിന്റെ 05.07.2023-ലെ ഉത്തരവ്.
4. സ.ഉ (സാധാ) നം.1984/2023/ആകുവ തീയതി 05.08.2023.

**ഉത്തരവ്**

ആരോഗ്യ വകുപ്പിലെ ജൂനിയർ കൺസൽട്ടന്റുമാരുടെ പരാമർശം (1) നടപടിക്രമ പ്രകാരം പുറപ്പെടുവിച്ച 2023 പൊതുസ്ഥലംമാറ്റത്തിൽ ഓപ്ഷൻ നൽകാത്ത സ്ഥാപനത്തിലേയ്ക്ക് സ്ഥലംമാറ്റിയതിനെതിരെ ഗൈനക്കോളജി വിഭാഗം ജൂനിയർ കൺസൽട്ടന്റ് ഡോ.കീർത്തി സുരേഷ് ആരോഗ്യ കുടുംബക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി മുമ്പാകെ പരാമർശം (2) അപ്പീൽ സമർപ്പിക്കുകയും, ബഹു:ട്രൈബ്യൂണൽ മുമ്പാകെ OA(EKM) No.1202/2023 ഫയൽ ചെയ്യുകയും ഉണ്ടായി. അപേക്ഷക സർക്കാർ മുമ്പാകെ സമർപ്പിച്ച അപ്പീൽ പരിശോധിച്ച് ഒരു മാസത്തിനുള്ളിൽ ഉത്തരവ് പുറപ്പെടുവിക്കുവാൻ ഒന്നാം എതിർകക്ഷിയായ സർക്കാരിനെ പ്രതിനിധീകരിക്കുന്ന ആരോഗ്യ കുടുംബക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് പരാമർശം (3) പ്രകാരം ട്രൈബ്യൂണൽ നിർദ്ദേശം നൽകി.

2) സ്പെഷ്യാലിറ്റി കേഡറിലെ മെഡിക്കൽ ഓഫീസർമാരുടെ 2023

491788

GOVERNMENT OF KERALA 2017-18

പൊതുസ്ഥലം മാറ്റത്തിനെതിരെ ബഹു:ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത കേസുകളിന്മേലുള്ള ബഹു. ട്രൈബ്യൂണലിന്റെ നിർദ്ദേശം അനുപാലിക്കുന്നതിന്റെ ഭാഗമായി പരാമർശം (4) പ്രകാരം രൂപീകൃതമായ കമ്മിറ്റി അപേക്ഷക സമർപ്പിച്ച അപ്പീൽ അപേക്ഷ പരിശോധിക്കുകയുണ്ടായി.

3) അപ്പീലിന്റെ ചുരുക്കം ചുവടെ ചേർക്കുന്നു:

തിരുവനന്തപുരം ജില്ലയിലെ വിവിധ സ്റ്റേഷനുകളിൽ സ്ഥലംമാറ്റത്തിന് അപേക്ഷ നൽകിയിരുന്നത്. കരട് സ്ഥലംമാറ്റ പട്ടികയിൽ തൃശൂർ കുന്നംകുളം താലൂക്ക് ആശുപത്രി ഉൾപ്പെടുത്തി. ആയതിനെതിരെ അപ്പീൽ സമർപ്പിച്ചു. 31.05.2023 തീയതിയിലെ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഉത്തരവിൽ കൊല്ലം കടക്കൽ താലൂക്ക് ആസ്ഥാന അശുപത്രിയിൽ സ്ഥലംമാറ്റം നൽകി. എന്നാൽ പരാമർശം (1) പ്രകാരം പുറപ്പെടുവിച്ച പുതുക്കിയ ഉത്തരവിൽ തൃശൂർ ജില്ലയിലെ പുതുക്കാടിലേയ്ക്ക് സ്ഥലംമാറ്റി. ആയതിനാൽ ഹോം സ്റ്റേഷനായ തിരുവനന്തപുരം ജില്ലയിൽ അടുത്ത് ഉണ്ടാകുന്ന ഒഴിവിൽ സ്ഥലംമാറ്റം അനുവദിക്കണം. അതുവരേയ്ക്ക് തൈക്കാട് സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രി, പേരൂർക്കട ജില്ലാ മാതൃകാ ആശുപത്രി, തിരുവനന്തപുരം ഫോർട്ട് താലൂക്ക് ആശുപത്രി എന്നീ സ്ഥാപനങ്ങളിൽ ഏതിലെങ്കിലും ജോലിക്രമീകരണ വ്യവസ്ഥയിൽ നിയമനം അനുവദിക്കണം.

4) കമ്മിറ്റി ടി വിഷയം വിശദമായി പരിശോധിക്കുകയുണ്ടായി. തൈക്കാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, പേരൂർക്കട ജില്ലാ മാതൃകാ ആശുപത്രി, തിരുവനന്തപുരം ഫോർട്ട് താലൂക്ക് ആശുപത്രി, നെടുമങ്ങാട് ജില്ലാ ആശുപത്രി, നെയ്യാറ്റിൻകര ജനറൽ ആശുപത്രി എന്നീ സ്ഥാപനങ്ങളാണ് ഡോ.കീർത്തി സുരേഷ് ഓപ്ഷൻ ആയി സമർപ്പിച്ചിരുന്നത്. തൈക്കാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ ബഹു . കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബുണലിന്റെ OA 906/ 2022 ന്മേലുള്ള അനുപാലന ഉത്തരവിലെ നിർദേശത്തിന്റെ അടിസ്ഥാനത്തിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ വർക്കല താലൂക്ക് ആശുപത്രിയിൽ നിന്നുള്ള ഡോ. ദിവ്യ.ജെ. പ്രകാശിന് സ്ഥലം മാറ്റം നൽകി. പേരൂർക്കട ജില്ലാ മാതൃകാ ആശുപത്രിയിലും ഫോർട്ട് താലൂക്ക് ആശുപത്രിലും സ്ഥലം മാറ്റത്തിന് പരിഗണിക്കാവുന്ന ആരും തന്നെ ഉണ്ടായിരുന്നില്ല. നെടുമങ്ങാട് ജില്ലാ ആശുപത്രിലേയ്ക്ക് 12/10/2018 മുതൽ കടക്കൽ താലൂക്ക് ആസ്ഥാന ആശുപത്രിയിൽ ജോലി ചെയ്യുന്ന ഡോ.ആഷ.ജെ.ബാബുവിനും നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിലേയ്ക്ക് 01/01/2019 മുതൽ കൊല്ലം വിക്ടോറിയ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ ജോലി ചെയ്യുന്ന ഡോ.ഷെഹർഷ.എം.എസ്.നും സ്ഥലം മാറ്റം

നൽകിയതിനാൽ, തിരുവനന്തപുരം ജില്ലയിൽ ഗൈനക്കോളജി വിഭാഗം ജൂനിയർ കൺസൾട്ടന്റ് തസ്തികയിൽ തൊട്ടടുത്തുണ്ടാകുന്ന ഒഴിവിൽ അപേക്ഷകയെ പരിഗണിക്കാവുന്നതാണെന്ന് കമ്മിറ്റി തീരുമാനിച്ചു.

5) മേൽ സാഹചര്യത്തിൽ, കമ്മിറ്റിയുടെ തീരുമാനം അംഗീകരിച്ചു കൊണ്ട് തിരുവനന്തപുരം ജില്ലയിൽ ഗൈനക്കോളജി വിഭാഗം ജൂനിയർ കൺസൾട്ടന്റ് തസ്തികയിൽ തൊട്ടടുത്ത് ഉണ്ടാകുന്ന ഒഴിവിലേക്ക് അപേക്ഷകയുടെ അർഹതക്കനുസരിച്ച് ടിയാളെ പരിഗണിക്കുന്നതിന് ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിക്കൊണ്ട് പരാമർശം (2) പ്രകാരം സമർപ്പിച്ച അപ്പീൽ അപേക്ഷ തീർപ്പാക്കി ഉത്തരവാകുന്നു.

6) ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA No.1202/2023-മേലുള്ള 05.07.2023-ലെ ഉത്തരവ് ഇപ്രകാരം അനുപാലിച്ചുകൊള്ളുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**SREEJITH V P**

ജോയിന്റ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം. (ആമുഖ കത്ത് സഹിതം)

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം

ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), തിരുവനന്തപുരം/തൃശൂർ.
ഡോ.കീർത്തി സുരേഷ്, ജൂനിയർ കൺസൾട്ടന്റ് (ഗൈനക്കോളജി), "സൗപർണ്ണിക", TC 42/2184 (4), SRA 170B, ശാസ്ത നഗർ, തിരുമല.പി.ഒ., തിരുവനന്തപുരം - 695 006.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by
R Renuka
സെക്ഷൻ ഓഫീസർ
Date: 12-10-2023 16:42:07

മേലെഴുത്ത് നം. ഇ.എ1 - 5160/2023/ആ.വ.ഡ, തീയതി 13.10.2023.
സർക്കാർ ഉത്തരവിന്റെ പകർപ്പ് അറിവിലേയ്ക്കും മേൽനടപടികൾക്കുമായി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നു.

ആ.വ.ഡയ്ക്ക് വേണ്ടി.

49171